"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം ഗ്രാമ പഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.സിന്ധു എം -ന്റെ ഐ.വി.എഫ് ചികിത്സയ്ക്ക് മൂവാറ്റുപുഴ സബൈൻ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1955/2025/LSGD          തീയതി,തിരുവനന്തപുരം, 06-08-2025

---

പരാമർശം:-

1. 21.01.2016 -ലെ G.O.(P)No.10/2016/ H&FWD
2. 15.12.2017-ലെ G.O.(Ms))No.184/2017/H&FWD
3. ശ്രീമതി.സിന്ധു എം ന്റെ 02.08.2023 - ലെ അപേക്ഷയും ബില്ലുകളും.
4. പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 15.09.2023 ലെ 13/1 നമ്പർ തീരുമാനം.
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 08.10.2024-ലെ എം.ആർ.5 - 22792/2024/ആ.വ.ഡ നം. കത്ത്.
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 08.11.2024 ലെ No. LSGD/PD/3527/ 2024-DEG2 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീമതി.സിന്ധു എം -ന്റെ ഐ.വി.എഫ് ചികിത്സയ്ക്ക് 28.04.2023 മുതൽ 24.07.2023 വരെ മൂവാറ്റുപുഴ സബൈൻ ആശുപത്രിൽ ചെലവായ 42,853/- രൂപ പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ, അനുബന്ധരേഖകൾ സഹിതം പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 10/02/2017-ലെ G.O.(P)No.8/2017/H&FWD പ്രകാരം IVF സംബന്ധമായ ചികിത്സയ്ക്ക് ഒരാളുടെ സേവനകാലയളവിൽ മൂന്ന് തവണകളായി പരമാവധി 3,00,000/- ലക്ഷം രൂപ പ്രസ്തുത ചികിത്സയ്ക്ക് അനുവദിക്കാവുന്നതും ഒറ്റതവണയായി 1,50,000/- രൂപ പരാമവധി മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പ്രസ്തുത തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീമതി.സിന്ധു എം ന്റെ ഐ.വി.എഫ് ചികിത്സയ്ക്കായി 28.04.2023 മുതൽ 24.07.2023 വരെ മൂവാറ്റുപുഴ സബൈൻ ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ 42,853/- രൂപയിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനയ്ക്ക് ശേഷം

അനുവദനീയമാണെന്ന് അറിയിച്ച 42,164/— (നാല്പത്തിരണ്ടായിരത്തി ഒരുനൂറ്റി അറുപത്തിനാല് രൂപാ മാത്രം) രൂപ നിലവിലെ KGSMA ചട്ടം, 1960 -ലെ വ്യവസ്ഥകൾക്കും, പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിലും ടിയാൾ പ്രസ്തുത ചികിത്സയ്ക്ക് IFMA എടുത്തിട്ടില്ലെന്ന് ഉറപ്പുവരുത്തിയും, പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം)
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, പാലക്കാട് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ
സെക്രട്ടറി, പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല
ശ്രീമതി.സിന്ധു എം, ക്ലാർക്ക്, പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (No. EPA3/616/2024-LSGD).

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 06-08-2025 15:34:54
സെക്ഷൻ ഓഫീസർ